(ബി) പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് രണ്ട് കേസുകളും രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുണ്ട്:

1. മെഡിക്കൽ കോളേജ് പി. എസ്. കേസ് 397/05.
2. കൊല്ലം ഈസ്റ്റ് പി. എസ്. കേസ് 271/05.

മുഖ്യമന്ത്രിയുടെ ഫണ്ടിൽ നിന്നും ചികിത്സാ ധനസഹായം ലഭിക്കുന്നതിലെ കാലതാമസം ഒഴിവാക്കാൻ നടപടി

19 [781] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ഫണ്ടിൽ നിന്ന് ചികിത്സാ സഹായത്തിന് അപേക്ഷിക്കുന്നതിനുള്ള വ്യവസ്ഥകൾ ലഘൂകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ എത്ര പേർക്ക് സഹായം നൽകിയെന്നും ഇതിനുവേണ്ടി എന്തു തുക ചെലവഴിച്ചു എന്നും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത സഹായത്തിനുവേണ്ടി കുന്ദമംഗലം നിയോജകമണ്ഡലത്തിൽ നിന്നും എത്ര പേരുടെ അപേക്ഷ ലഭിച്ചു എന്നും, എത്ര പേർക്ക് സഹായം നൽകിയെന്നും വെളിപ്പെടുത്താമോ;

(ഇ) ഗുണഭോക്താക്കൾക്ക് ധനസഹായം ലഭിക്കുന്നതിൽ കാലതാമസം ഒഴിവാക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി) അപേക്ഷകളിൻമേൽ തീരുമാനമെടുക്കുന്നതിനും, ധനസഹായം അനുവദിച്ചതിനുശേഷം തുക നൽകുന്നതിലുമുള്ള കാലതാമസം ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ 26-12-2003-ലെ ജി. ഒ.(എം.എസ്.) നമ്പർ 408/03/റവ. ഉത്തരവ് പ്രകാരം സ്വീകരിച്ചിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.) †

(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്;

(ഡി) നിയോജകമണ്ഡലാടിസ്ഥാനത്തിൽ കണക്കുകൾ ലഭ്യമല്ല.

(ഇ) കാലതാമസം ഒഴിവാക്കുന്നതിന് നടപടിക്രമങ്ങൾ ലഘൂകരിച്ചിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly